കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുഴയ്ക്കൽ ബ്ലോക്ക്പഞ്ചായത്ത്
2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
Email: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ (ബി.പി1)1722/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680 020
ഇ മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487 2331249
തീയതി: 30.11.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പുഴയ്ക്കൽ ബ്ലോക്ക്പഞ്ചായത്ത് 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുഴയ്ക്കൽ ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ (ബി.പി1)1722/2017 തീയതി : 30.11.2017

## തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31.1.17 മുതൽ 5.11.17 വരെ തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 2016-17വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ

നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഇ.ആർ.ബാലകൃഷ്ണൻ,<br>ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 6.11.17മുതൽ 13.11.17വരെ | |
| ഓഡിറ്റ്നടത്തിയഉദ്യോഗസ്ഥർ | ശ്രീമതി.ബിത.ടി.എസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വിജയശ്രീ.പി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സ്റ്റാൻലി.പി.എസ് | സീ.ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | അഡ്വ.ലൈജു.സി. എടക്കളത്തൂർ | 1.4.16 മുതൽ 31.3.17വരെ |
| സെക്രട്ടറി | ശ്രീ.പി.എം.രാജീവ് | 1.4.16 മുതൽ 21.4.16 FN വരെ |
| | ശ്രീ.ഫിലിപ്പ് ജോസഫ് | 21.4.16 മുതൽ 18.6.16 FNവരെ |
| | ശ്രീ.കെ.ഇ.ഉണ്ണി (ജോയിന്റ്ബി.ഡി.ഒ) ഇൻചാർജ്ജ് | 18.6.16 മുതൽ 23.6.16 FN വരെ |
| | ശ്രീ.സി.എ.മുരളീധരൻ | 23.6.16 മുതൽ 31.3.17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ, പുഴയ്ക്കൽ | ശ്രീമതി. രുഗ്മിണി.ആർ | 1.4.16 മുതൽ 31.3.17വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, തോളൂർ | ഡോ. ജോബ്.സി.ഒ | 1.4.16 മുതൽ 31.3.17വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.പാമ്പൂർ | ഡോ.ബിനോജ് ജോർജ് മാത്യു | 1.4.16 മുതൽ 31.3.17വരെ |

| | | |
|---|---|---|
| ശിശു വികസന പ്രോജക്ട് ഓഫീസർ | ശ്രീമതി. ഫാത്തിമ ബീവി | 1.4.16 മുതൽ 31.3.17വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ഗിരിജ.എസ്.കെ | 1.4.16 മുതൽ 31.3.17വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ജാൻസി വർഗ്ഗീസ് | 1.4.16 മുതൽ 15.1.17വരെ |
| | ശ്രീമതി. ജലജ.വി.എസ് | 16.1.17 മുതൽ 31.3.17വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.ടെസ്സി.കെ.കുരുവിള | 1.4.16 മുതൽ 31.3.17വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീമതി. സുഗുണഭായ്.സി.സി | 1.4.16 മുതൽ 22.11.16വരെ |
| | ശ്രീ.സുജിത്ത്.എസ് | 22.11.16 മുതൽ 31.3.17വരെ |
| അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ശ്രീ. മണികണ്ഠകുമാർ.ടി | 1.4.16 മുതൽ 1.11.16വരെ |
| | ശ്രീ.പീറ്റർ.സി.ജി | 2.11.16 മുതൽ 31.3.17വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | തനത് വരുമാനം. | 1.7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1.8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1.9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.10 |
| | ഭാഗം 2 | |
| 11 | (ഓഡിറ്റ് ഇംപാക്ട്) സ്വാഭിമാൻ പദ്ധതിയിൽ സ്വീകരിച്ച പണം തെറ്റായ അക്കൗണ്ടിൽ | 2-1 |

| | | |
|---|---|---|
| | അടവാക്കിയിരിക്കുന്നു. | |
| 12 | പഴയ ഓട്,പട്ടിക തുടങ്ങിയവയുടെ ലേലം | 2-2 |
| | ഭാഗം 3 | |
| 13 | അസ്സൽ രശീതി ഹാജരാക്കാതെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക തിരികെ നൽകി | 3-1 |
| 14 | ഭൂജലവകുപ്പിന് കൈമാറിയ തുകക്ക് കൈപ്പറ്റ് രശീതിയില്ല | 3-2 |
| 15 | തോള്ളൂർ സ്റ്റെപ്പ്-പാലം കുടിവെള്ള പദ്ധതി- അപാകതകൾ | 3-3 |
| 16 | അവണാവ് ചിറ പുനരുദ്ധാരണം - കോരിയെടുത്ത കളിമണ്ണിന്റെ വിനിയോഗവിശദാംശം ലഭ്യമാക്കിയില്ല. | 3-4 |
| 17 | സെക്രട്ടറി നടപ്പാക്കിയ പദ്ധതി ചെലവ് രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു. | 3-5 |
| 18 | ഗേൾസ് ഫ്രണ്ട് ലി ടോയ്‌ലറ്റ് നിർമ്മാണം - അപാകതകൾ | 3-6 |
| 19 | കുടിവെള്ള പദ്ധതികൾ നിർവ്വഹണം പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. | 3-7 |
| 20 | ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ സിഡ്കൊയിൽ നിന്നും വാങ്ങുന്നതിനെ സംബന്ധിച്ച് | 3-8 |
| 21 | പണം മുഴുവൻ നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല | 3-9 |
| 22 | സ്വാഭിമാൻ പാർപ്പിട പദ്ധതിയെ സംബന്ധിച്ച കണക്കുകൾ വ്യക്തമല്ല | 3-10 |
| 23 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-11 |
| | ഭാഗം 4 | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 29 | ഓഡിറ്റ് റിക്കവറി | 4.6 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4.7 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.8 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 3-3-2016 തിയതിയിലെ 55/2016-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.പ്രതീക്ഷിത വരവ് 306318651/- രൂപയും, പ്രതീക്ഷിത ചെലവ് 306227756/-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 31-7-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

2016-17 വർഷത്തെ വാർഷികകണക്കിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1)സാംഖ്യ സോഫ്റ്റ്‌വെയറിൽ ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

(2)വികസനഫണ്ട് (എസ്.സി.പി) ഇനത്തിൽ വാർഷികകണക്കുകൾ പ്രകാരമുള്ള ചെലവുതുക 8432076/-രൂപയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവുതുക 8343015/-രൂപയുമാണ്. KWA യിൽ നിന്നുമുള്ള റീഫണ്ട് തുക 89061/-രൂപ ചെലവിൽ നിന്നും കുറവുചെയ്തിട്ടില്ല.

(3)കുടിവെള്ള പദ്ധതിക്കായി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക 'Advance to implementing agencies ' എന്ന ഹെഡ്ഡിൽ ആദ്യം ബുക്ക് ചെയ്ത് പിന്നീട് വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭിക്കുമ്പോൾ കുടിവെള്ളപദ്ധതിയുടെ ചെലവുമായി ബന്ധപ്പെട്ട ഹെഡ്ഡിലെക്ക് ജേണൽ എൻട്രി നടത്തി മാറ്റുകയും വാട്ടർ അതോറിറ്റിയിൽ നിന്നും റീഫണ്ട് ലഭിച്ചപ്പോൾ 'Advance to implementing agencies ' എന്ന ഹെഡ്ഡിൽ വരവു വക്കുകയുമാണ് ചെയ്യേണ്ടിയിരുന്നത് . എന്നാൽ ഇവിടെ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തപ്പോൾ തന്നെ 'Drinking water-pipe line എന്ന ഹെഡ്ഡിൽ ചെലവു ബുക്കു ചെയ്യുകയാണുണ്ടായിട്ടുള്ളത്. ആയതിനാൽ റീഫണ്ട് തുകയും'Drinking water-pipe line എന്ന ഹെഡ്ഡിൽ തന്നെ വരവുവെയ്ക്കപ്പെട്ടു.

(4)അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കിയിട്ടില്ല.

(5)വാർഷികകണക്കു പ്രകാരം(B-5 Schedule പ്രകാരം) 31.3.2017ൽ തിരിച്ചടക്കാൻ ബാക്കി നിൽക്കുന്ന ലോൺ തുക 1702074/- രൂപയും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരമുള്ള തുക 1710987/- രൂപയുമാണ്

(6)സ്വാഭിമാൻ ഗുണഭോക്താക്കളിൽ രണ്ടുപേർ 600/-രൂപ വീതം തിരിച്ചടവ് നടത്തിയ 1200/- രൂപ 160100699 , 160200201 എന്നീ രണ്ട് ഹെഡ്ഡുകളിലും വരവുവച്ചുകാണുന്നു.

(7)പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതിക്കായി ശുചിത്വമിഷനിൽ നിന്നും ലഭിച്ച 10,000/-, 14387/- എന്നീ തുകകൾ രണ്ട് വ്യത്യസ്ത ഹെഡ്ഡുകളിലാണ് -320100115 , 320300103 – വരവുവച്ചിട്ടുള്ളത്.

(8)നാളിതുവരെയുള്ള ആസ്തി/ബാദ്ധ്യതകൾ മൂല്യ നിർണ്ണയം നടത്തി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27511632.57 |
| വരവ് | 40216868 |
| ആകെ | 67728500.57 |
| ചെലവ് | 51435627 |
| നീക്കിയിരിപ്പ് | 16292873.57 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ്/വരവ് | ചെലവ് | ചെലവ് ശതമാനം | സഞ്ചിതനിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 20019231 | 11697892 | 58.4 | 8321339 |
| വികസനഫണ്ട് എസ്.സി.പി. | 9679092 | 8343015 | 86.1 | 1336077 |
| വികസനഫണ്ട് ടി.എസ്.പി. | 85164 | 0 | 0 | 85164 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3115257 | 1601818 | 51.41 | 1513439 |

## 1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 72 | 32898744 | 48 | 21642725 | 7 | 17 | 66.6% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 36% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 62395 | 40104 | (-)22291 | (-)36 |
| ആകെ | 62395 | 40104 | (-)22291 | (-)36 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.11.17 തിയതിയിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേ ദിവസം നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ബ്ലോക്ക്പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായ പ്രധാന രജിസ്റ്ററുകളായ , ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവയൊന്നും സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.7.17 | 2016-17 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.3.17 | 2011-12മുതൽ 2015-16വരെ | 21.4.17 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 (ഓഡിറ്റ് ഇംപാക്ട്) സ്വാഭിമാൻ പദ്ധതിയിൽ സ്വീകരിച്ച പണം തെറ്റായ അക്കൗണ്ടിൽ അടവാക്കിയിരിക്കുന്നു.

20/05/16-ൽ ശ്രീമതി.അംബിക പുഷ്കരൻ, ശ്രീമതി. സ്മിത ജയൻ എന്നിവരിൽ നിന്നും 600/- രൂപ വീതം സ്വാഭിമാൻ പാർപ്പിട പദ്ധതിക്കു വേണ്ടി സ്വീകരിച്ചിട്ടുണ്ട്. ഈ പണം അടാട്ട് ഫാർമേഴ്സ് സഹകരണ ബാങ്കിൽ പ്രസ്തുത പദ്ധതിക്കു വേണ്ടിയുള്ള 6764 നമ്പർ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനു പകരം തെറ്റായി അതേ ബാങ്കിലുള്ള 7989 നമ്പർ അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ഉണ്ടായത്.

ഇതിനെക്കുറിച്ച് അന്വേഷിച്ച ഓഡിറ്റ് എൻക്വയറി 12-ന് ലഭിച്ച മറുപടിയിൽ തെറ്റായി അടച്ച തുക ക്രമീകരിച്ച് ലഭിക്കുന്നതിന് ബാങ്കിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അക്കൗണ്ട് ക്രമീകരിച്ച് ലഭിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ ഗുണഭോക്താവിന് 14 വർഷം വരെ മാത്രമേ തിരിച്ചടവ് നടത്തേണ്ടതുള്ളൂ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 1999-2000 ൽ ആരംഭിച്ച പദ്ധതിയിൽ ഇപ്പോഴും തിരിച്ചടവ് തുടരേണ്ടതില്ല. ആയതിനാൽ തിരിച്ചടവിന്റെ വിവരങ്ങൾ ഗുണഭോക്താവിൽ നിന്നും ശേഖരിച്ച് തിരിച്ചടവ് നിയമപ്രകാരം പൂർത്തിയായിട്ടുണ്ടെങ്കിൽ ഇനി പണം സ്വീകരിക്കേണ്ടതില്ലാത്തതുമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 2-2 പഴയ ഓട്,പട്ടിക തുടങ്ങിയവയുടെ ലേലം

പ്രവൃത്തിയുടെ പേര്-കൈപ്പറമ്പ് വി.ഇ.ഒ ഓഫീസ് അറ്റകുറ്റപ്പണികൾ

പ്രൊജക്ട് നം-SOOO9/17

ട്രഷറി ബിൽ നം-1/16-17/23.11.16, തുക - 40154 /-

അളവ് പുസ്തകം-53/14-15

അസി.എക്സി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രവൃത്തിയുടെ അളവുപുസ്തകം പേജ് 2 പ്രകാരം ഇനം 2 ആയി (Dismantling & removing Mangalore tiles over roof etc) 91.01$m^2$ അളവ് പഴയ ഓട്, പട്ടിക തുടങ്ങിയവ മാറ്റിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം 9/13.11.2017 ന് നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ലഭിച്ച മറുപടിയനുസരിച്ച് ആയതിന്റെ സർവ്വെ റിപ്പോർട്ട് തയ്യാറാക്കി (സർവ്വെ റിപ്പോർട്ട് നം.S.R.No.1/15-16/dated 4.8.15) 8378/- രൂപ വില കണക്കാക്കി ലേലനടപടികൾക്കായി ബ്ലോക്ക് പഞ്ചായത്തിന് റിപ്പോർട്ട് കൈമാറിയിട്ടുണ്ട്. ലേലം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ലേലം നാളിതുവരെയായിട്ടും നടത്തിയിട്ടില്ലെങ്കിൽ എത്രയും വേഗം ആയതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതും കാലതാമസത്തിനു കാരണം വ്യക്തമാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അസ്സൽ രശീതി ഹാജരാക്കാതെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക തിരികെ നൽകി

ചെക്ക് നം-1816343/4.8.16 ,₹ 49550/-

അവണൂർ ഗ്രാമപഞ്ചായത്ത് സാംസ്കാരികനിലയം പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചതിനാൽ കോൺട്രാക്ടർ ശ്രീ.എ.ആർ.മുരളീധരന് സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക 49550/- രൂപ തിരികെ നൽകിയിട്ടുണ്ട്. എന്നാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കിയതിന്റെ അസ്സൽ രശീതിയോ രശീതി നഷ്ടപ്പെട്ടതാണെങ്കിൽ മുദ്രപത്രത്തിലുള്ള സാക്ഷ്യപത്രമോ ഹാജരാക്കാതെയാണ് റീഫണ്ട് നടത്തിയിട്ടുള്ളത്. അസ്സൽ രശീതി ഹാജരാക്കുന്നതുവരെ 49550/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 ഭൂജലവകുപ്പിന് കൈമാറിയ തുകക്ക് കൈപ്പറ്റ് രശീതിയില്ല

ചെക്ക് നം 1816356/30.8.16 , ₹ 3500/-

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാലാക്കിയ അടാട്ട് മിച്ചഭൂമി കുടിവെള്ള പദ്ധതി -

കൈപ്പറമ്പ് കൊള്ളന്നൂർ കുടിവെള്ള പദ്ധതി എന്നിവയിലെ കുഴൽകിണറുകൾക്ക് സ്ഥാനനിർണ്ണയം നടത്തുന്നതിനുള്ള ഫീസിനത്തിൽ ഭൂജലവകുപ്പിന് തനത് ഫണ്ടിൽനിന്നും 3500/- രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് രശീതി, തുകയുടെ വിനിയോഗവിവരം എന്നിവ പരിശോധനക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ 3500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 തോളൂർ സ്റ്റെപ്പ്-പാലം കുടിവെള്ള പദ്ധതി-അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.എക്സി. എഞ്ചിനീയർ
പ്രോജക്ട് നമ്പർ- SOO25/17
നിർവ്വഹണ എജൻസി-കേരള വാട്ടർ അതോറിറ്റി

നാളിതുവരെയുള്ള ചെലവിന്റെ വിവരം താഴെ കൊടുക്കുന്നു

ഡിഡി നം . 010114/24.3.12 = ₹ 292500/-

ഡിഡി നം.367628/16.8.14 = ₹ 32500/-

KWA Rt no. 419783/21.3.13 = ₹ 3000/-

ഡിഡി നം. 946990/28.11.16 = ₹ 134894/-

ആകെ ചെലവ് = 462894/-

2011-12 വർഷത്തിൽ ആരംഭിച്ച പദ്ധതിയാണിത്. കേരള വാട്ടർ അതോറിറ്റി ആദ്യം 3,25,000/- രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കി നൽകിയത്. എന്നാൽ 22.9.2014 തിയതിയിലെ എ7-1390/2012 നമ്പർ കത്തുപ്രകാരം വാട്ടർ അതോറിറ്റി 462894/- രൂപ ചെലവുവന്നതായും ബാക്കി തുക 134894/- രൂപ അടക്കാൻ ആവശ്യപ്പെടുകയും ചെയ്ത പ്രകാരമാണ് 2016-17ൽ തുക അടവാക്കിയത്.

അപാകതകൾ-
(1)വാട്ടർ അതോറിറ്റിയും ബ്ലോക്ക് പഞ്ചായത്തുമായുള്ള കരാർ No.34/AEE/LSGD/PKL/11-12/24.3.12 -ലെ 3-ാമത്തെ വ്യവസ്ഥ പ്രകാരം അനിവാര്യമായ കാരണങ്ങളാൽ നിർമ്മാണച്ചെലവ് എസ്റ്റിമേറ്റ് തുകയിലും അധികമാവുകയാണെങ്കിൽ ആയതിനായുള്ള വിശദമായ റിവൈസ്ഡ് എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി തയ്യാറാക്കി നൽകണം. എന്നാൽ അപ്രകാരം ചെയ്തു കാണുന്നില്ല. എസ്റ്റിമേറ്റ് അബ്സ്ട്രാക്ട് മാത്രമാണുള്ളത്. വിശദമായ റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(2)വാട്ടർ അതോറിറ്റി നൽകിയിട്ടുള്ള work completion/commissioning certificate no.1390/12/date nil പ്രകാരമുള്ള ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

material=120998/-

labour contract charge=267840/-

advertisement charge=1392/-

centage charge,12.5 %=51278/-

road restoration charge=21386/-

total=462894/-

മേൽ പറഞ്ഞ ചെലവുകളിൽ സെന്റേജ് ചാർജ് 51278/- രൂപ എപ്രകാരമാണ് കണക്കാക്കിയതെന്ന്

വ്യക്തമല്ല. ആദ്യ മൂന്ന് ഇനങ്ങളുടെ ആകെ ചെലവുതുകയായ 390228/-രൂപയുടെ 12.5%=48779/-രൂപയാണ് സെന്റേജ് ചാർജ് വരുന്നത്. 2500/- രൂപ അധികം നൽകിയതിനു കാരണം പരിശോധിക്കേണ്ടതും അധികതുക വാട്ടർ അതോറിറ്റിക്ക് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ വാങ്ങേണ്ടതുമാണ്.

(3)കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതിയെ ഏല്പിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 3-4 അവണാവ് ചിറ പുനരുദ്ധാരണം - കോരിയെടുത്ത കളിമണ്ണിന്റെ വിനിയോഗവിശദാംശം ലഭ്യമാക്കിയില്ല.

പദ്ധതി നം 37/17

അവണാവു ചിറ പുനരുദ്ധാരണം (കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്)

അടങ്കൽ തുക 555000 രൂപ

ചെലവ് 374196 രൂപ

ട്രഷറി ബിൽ നം 14/31.03.17

മേൽ പ്രവൃത്തിയുടെ ഭാഗമായി 2450 $m^3$ ചെളി കുളത്തിൽ നിന്ന് മാറ്റുന്നതിന് എസ്റ്റിമേറ്റിൽ പ്രൊവിഷൻ കൊടുത്തിട്ടുണ്ട്. കുളത്തിൽ നിന്ന് കോരിയെടുക്കുന്ന ചെളി നിക്ഷേപിക്കുന്നതിനും തുടർന്ന് ലേലം ചെയ്യുന്നതിനും സൗകര്യപ്പെടുത്തുന്നതിനായി 3.2.17 ന് കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്തു നൽകിയതിനെ തുടർന്ന്, നിർവ്വഹണ ഘട്ടത്തിൽ കുളത്തിൽ നിന്നും കോരിയെടുക്കുന്ന ചെളി താൽകാലികമായി നിക്ഷേപിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതായി കാണുന്നു.(21.3.17 ലെ 15(1) നമ്പർ തീരുമാനം)

മേൽ പ്രവൃത്തി പൂർത്തീകരിച്ച് ട്രഷറി ബിൽ നം 10 / 17 – 18 തിയ്യതി 30.10.17 പ്രകാരം ബിൽ തുക കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ കോരിയെടുത്ത ചെളി മൂല്യനിർണ്ണയം നടത്തി ലേലം ചെയ്തതിന്റെ രേഖ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. 15.05.2017 ലെ നം.81/17 റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 1021.55 $m^3$ ന് ചെളി കുഴിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. പ്രവൃത്തി പുസ്തകം നമ്പർ 4 പേജ് 29, 30 ലെ ഇനങ്ങൾ ചെക്ക്മെഷർ ചെയ്തു സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് 21.05.17നാണ്. 19.06.17 തിയ്യതി നടന്ന അടിയന്തിര മീറ്റിംഗിലെ 26(1) നമ്പർ തീരുമാന പ്രകാരം കുളത്തിൽ നിന്ന് കോരിയെടുത്ത ചെളിയുടെ അളവും മൂല്യനിർണ്ണയ സാക്ഷ്യപത്രവും ലഭ്യമാക്കുന്നതിന്, കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 21.6.17 ന് അസി.എക്സി. എഞ്ചിനീയർക്ക് കത്തു നൽകിയതായി കാണുന്നുവെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ഫയലിൽ ലഭ്യമായിട്ടില്ല. വിശദീകരണം നൽകേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം. 10/13.11.2017).

## 3-5 സെക്രട്ടറി നടപ്പാക്കിയ പദ്ധതി ചെലവ് രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ മുഖേന വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് /സ്ഥാപനങ്ങൾക്ക് വിഹിതം നൽകിയിട്ടുണ്ട്. കൈമാറിയ തുകയുടെ ചെലവു

സ്റ്റേറ്റ്മെന്റ്/ധന വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം, കൈപ്പറ്റ് രസീതി, കരാർ ഉടമ്പടി തുടങ്ങിയവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| നം | പദ്ധതിനം/പേര് | കൈമാറിയ തുക/ബിൽ നം. | പഞ്ചായത്ത് / സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 92/17 കൈപറമ്പ് പഞ്ചായത്തിലെ വിവിധ വാർഡുകളിലെ അഴുക്കുചാൽ നിർമ്മാണം | ₹ 350000/- ട്രഷറി ബിൽ നം 34/22.03.17 ₹500000/- ട്രഷറി ബിൽ നം 31/22.03.17 | കൈപറമ്പ് ഗ്രാമപഞ്ചായത്ത് | ധനവിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം, കരാർ ഉടമ്പടി |
| 2 | 82/16- 17 കുടുംബശ്രീ മുഖേന അടാട്ട് പഞ്ചായത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മാലിന്യ സംസ്കരണ പദ്ധതി | ₹200000/- ട്രഷറി ബിൽ നം 34/22.03.17 | അടാട്ട് ഗ്രാമപഞ്ചായത്ത് | ധനവിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം |
| 3 | 67 / 17 അടാട്ട്, മുളങ്കുന്നത്തുകാവ് കോലഴി പഞ്ചായത്തുകളിലെ പകൽ വീടുകൾക്ക് വിഹിതം | ₹974000/- ട്രഷറി ബിൽ നം. 22/08.2.17 | കോലഴി ₹200000/- അടാട്ട് ₹474000/- മുളങ്കുന്നത്തുകാവ് ₹300000/- | ധനവിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം, മുളങ്കുന്നത്തുകാവ് പഞ്ചായത്തു മായുള്ള കരാർ ഉടമ്പടി |
| 4 | 73/17 തോളൂർ ഗ്രാമപഞ്ചായ ത്തിലെ വയോജന സൗഹൃദ പദ്ധതിയ്ക്ക് വിഹിതം (പാലിയേറ്റീവ് കെയർ) | ₹200000/- ട്രഷറി ബിൽ നം 23/08.2.1 7 | തോളൂർ ഗ്രാമപഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം, കരാർ ഉടമ്പടി , കൈപ്പറ്റ് രസീതി |
| 5 | 18 /17 6 ഗ്രാമപഞ്ചായത്തുകളുടെ എസ്.സി കോളനികളിലെ മാലിന്യ സംസ്കരണം | ₹1288400/-ട്രഷറി ബിൽ നം 32./22.3.17 | അടാട്ട് ഗ്രാമപഞ്ചായത്ത് | ധനവിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം, കരാർ ഉടമ്പടി കൈപ്പറ്റ് രസീതി |

രേഖകൾ ഹാജരാക്കുന്നതുവരെ 35,12,400/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 ഗേൾസ് ഫ്രണ്ട് ലി ടോയ് ലറ്റ് നിർമ്മാണം - അപാകതകൾ

പദ്ധതി നമ്പർ - 13/16-17 കുറ്റൂർ ചന്ദ്ര മെമ്മോറിയൽ

എച്ച്.എസ്.എസ് ൽ ഗേൾസ് ഫ്രണ്ട് ലി ടോയ്‌ലറ്റ് നിർമ്മാണം

ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള കോലഴി ഗ്രാമപഞ്ചായത്തിലെ കുറ്റൂർ ചന്ദ്ര മെമ്മോറിയൽ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ 4 യൂണിറ്റ് ഗേൾസ് ഫ്രണ്ട് ലി ടോയ്‌ലറ്റ് നിർമ്മിക്കാൻ ഗ്രാമപുരസ്കാർ തുക ഉപയോഗിച്ചതിന്റെ ഫൈനൽ ബിൽ നൽകിയിട്ടുണ്ട്. 29.10.16 ലെ CC 1st & Final Bill പ്രകാരം 132217 രൂപയുടെ ബില്ലിൽ നിന്നും നിയമാനുസൃത നികുതികളും കൺവീനർക്ക് നൽകിയ അഡ്വാൻസും (55000 രൂപ) കഴിച്ച് 75895 രൂപയുടെ ചെക്ക് ഗുണഭോക്തൃ സമിതി കൺവീനർ ശ്രീ.എ.പി. ജോൺസന് നൽകിയിട്ടുണ്ട്. (ചെക്ക് നം 312122/14.11.2016) ബന്ധപ്പെട്ട ഫയൽ ഇ – 1691/2011 പരിശോധനയിൽ, ഗുണഭോക്തൃസമിതി മുഖേന പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തിയിട്ടില്ല എന്നു കാണുന്നു. (സർക്കുലർ നം /1559/2010/സിഇ/ ത.സ്വ.ഭ.വ തിയ്യതി 13.11.2014) പ്രവൃത്തി നിർവ്വഹണ കമ്മിറ്റിയുടെ കൺവീനറും (സ്കൂൾ പി ടി എ പ്രസിഡണ്ട്) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയതിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. ചെലവു സംബന്ധിച്ച രേഖകൾ, മിനിറ്റ്സ് ബുക്ക് തുടങ്ങിയവ ഫയലിനോടൊപ്പമില്ല. ഗുണഭോക്തൃ സമിതി കൺവീനറുടേയും ചെയർമാന്റെയും പേരിൽ സ്ഥലത്തെ ഒരു അംഗീകൃത ബാങ്കിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിലൂടെ മാത്രമേ പണമിടപാടുകൾ നടത്താൻ പാടുള്ളൂ. മേൽ പ്രവൃത്തിയിൽ LSGD എക്സി.എഞ്ചിനീയറുടെ വാല്യുവേഷൻ അനുസരിച്ച് ബിൽ തയ്യാറാക്കി കൺവീനറുടെ പേരിൽ ചെക്ക് നൽകിയിരിക്കുന്നു. മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-7 കുടിവെള്ള പദ്ധതികൾ നിർവ്വഹണം പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

(1) പദ്ധതി നം 83/16 - 17(എസ്.സി.പി)

തങ്ങാലൂർ മിച്ചഭൂമി കോളനി കുടിവെള്ള പദ്ധതി(അവണൂർ)

ട്രഷറി ബിൽ നം 24 / 08.02.17 ₹40000/-

(2)പദ്ധതി നം 83/16 - 17(എസ്.സി.പി)

അടാട്ട് പഞ്ചായത്തിലെ മിച്ചഭൂമി കോളനി കുടിവെള്ള പദ്ധതി

ട്രഷറി ബിൽ നം 20/31.12.16 ₹700000/-

(3)പദ്ധതി നം 71/16 - 17( എസ്.സി.പി)

തോളൂർ പഞ്ചായത്തിലെ പഴമുക്ക്കുടിവെള്ള പദ്ധതി

ട്രഷറി ബിൽ നം 17/16-17 30.11.16

ചെലവ് 410939 രൂപ

(4)പദ്ധതി നം 72/16 - 17 (എസ്.സി.പി)

കൈപ്പറമ്പ് പഞ്ചായത്തിലെ കൊള്ളന്നൂർ കുടിവെള്ള പദ്ധതി

ട്രഷറി ബിൽ നം. 18/16/17 30.11.16 ₹1000000/-

മേൽപ്പറഞ്ഞ കുടിവെള്ള പദ്ധതികൾക്കായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് തുക കൈമാറി പദ്ധതി പൂർത്തീകരിച്ചതിന്റെ ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതികളുടെ നിർവ്വഹണവും തുടർപരിപാലനവും ബ്ലോക്ക് പഞ്ചായത്ത് മോണിറ്ററിംഗ് സമിതി വിലയിരുത്തിയതിന്റെ രേഖ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പമ്പുകൾ പ്രവർത്തിച്ച് ജലവിതരണം നടത്തിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പദ്ധതികൾ ഗുണഭോക്തൃസമിതികൾ രൂപവൽക്കരിച്ച് ഏൽപ്പിക്കുമെന്നുള്ള അതാത് പഞ്ചായത്തുകളുടെ സാക്ഷ്യപത്രം ഫയലിൽ ഉണ്ടെങ്കിലും അക്കാര്യം പ്രാവർത്തികമാക്കിയതിന്റെ രേഖകൾ ഇല്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-8 ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ സിഡ്കൊയിൽ നിന്നും വാങ്ങുന്നതിനെ സംബന്ധിച്ച്

പ്രൊജക്ട് നമ്പർ 80/17-ന്റെ ഭാഗമായി 42,200/- രൂപ വില വരുന്ന ബ്ലൂസ്റ്റാർ കമ്പനിയുടെ എയർകണ്ടീഷണറും പ്രൊജക്ട് നമ്പർ 81/17-ന്റെ ഭാഗമായി 89,350/- രൂപ വിലവരുന്ന ഹോണ്ട കമ്പനിയുടെ ജനറേറ്ററും ആശുപത്രിയുടെ ആവശ്യങ്ങൾക്കായി സിഡ്കോയുടെ ഒല്ലൂർ ഓഫീസിൽ നിന്നും വാങ്ങിയിട്ടുണ്ട്. ജി.ഒ.(എം.എസ്.)നം.1/2016/എസ്.പി.ഡി. തീയതി.08/12/16 പ്രകാരം സിഡ്കൊ ഉൽപ്പാദിപ്പിക്കാത്ത ബ്രാൻഡഡ് സാധനങ്ങൾ ഓപ്പൺ ടെണ്ടർ സംവിധാനത്തിലൂടെയാണ് വാങ്ങേണ്ടതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനെക്കുറിച്ച് ഓഡിറ്റ് എൻക്വയറി 3 മുഖേന ആരാഞ്ഞെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല.

ഇനിയുള്ള വാങ്ങലുകളിൽ ജി.ഒ-259/10/എൽ.എസ്.ജി.ഡി തീയതി 8.11.10 പ്രകാരമുള്ള നിർദ്ദേശങ്ങൾ ആണ് പരിഗണിക്കേണ്ടതെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-9 പണം മുഴുവൻ നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല. (കമ്മ്യൂണിറ്റി മെഡിക്കൽ സെന്റർ, തോളൂർ)

പ്രൊജക്ട് നമ്പർ 77/17

'ആശുപത്രിയിലേക്ക് മരുന്നു നൽകുക' എന്ന പദ്ധതിയുടെ ഭാഗമായി 2,85,000/- രൂപ മുളങ്കുന്നത്തുകാവ് കാരുണ്യ ഫാർമസിയിലേക്ക് 20/02/17-ൽ നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെയായി 1,08,324/- രൂപ വിലയുള്ള മരുന്നുകൾ മാത്രമേ ആശുപത്രിയിൽ ലഭിച്ചതായി കാണുന്നുള്ളൂ. മരുന്നുകൾ ലഭിക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ഓഡിറ്റ് എൻക്വയറി 2 മുഖേന ആരാഞ്ഞെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല. ആയതിനാൽ ബാക്കി തുകയ്ക്കുള്ള മരുന്നുകൾ കൂടി ലഭ്യമാകുന്നതുവരെ 1,76,676/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-10 സ്വാഭിമാൻ പാർപ്പിട പദ്ധതിയെ സംബന്ധിച്ച കണക്കുകൾ വ്യക്തമല്ല

1999-2000 മുതലാണ് ബ്ലോക്ക് പഞ്ചായത്തിൽ ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. മേൽ പദ്ധതി പ്രകാരം ഈ കാലയളവിൽ പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിലെ അടാട്ട്, അയ്യന്തോൾ, അരിമ്പൂർ, അവണൂർ, മുളങ്കുന്നത്തുകാവ്, തോളൂർ, കൈപ്പറമ്പ് എന്നീ ഗ്രാമപഞ്ചായത്തുകളിലെ 200 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്.

തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവിന് 30,000/- രൂപയാണ് നൽകിയിരിക്കുന്നത്. മേൽ തുകയിൽ

7,500/- രൂപ ബ്ലോക്ക് വിഹിതമായും 22,500/- രൂപ ഹഡ്കൊ വായ്പ പ്രകാരം പ്രതിമാസം 120 രൂപ 9% പലിശ പ്രകാരം 14 വർഷത്തോളം തിരിച്ചടയ്ക്കാമെന്ന വ്യവസ്ഥയിലും നൽകിയിരിക്കുന്നു. 140 പേർ പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

പദ്ധതിയെ സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും ഓഡിറ്റ് എൻക്വയറി 11 മുഖേന ആരാഞ്ഞപ്പോൾ വായ്പ തിരിച്ചടവ് സംബന്ധിച്ച് വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്ത് ഓഫീസിൽ കണ്ടെത്താനായില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. പദ്ധതി പ്രകാരം തിരിച്ചടയ്ക്കുന്ന പണം അടാട്ട് ഫാർമേഴ്സ് കോപ്പറേറ്റീവ് ബാങ്ക് അക്കൗണ്ട് നമ്പർ 6764 എന്ന അക്കൗണ്ടിൽ നിക്ഷേപിച്ച് വരുന്നു എന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിലെ രേഖകൾ കാണുന്നില്ലായെന്നത് ഗുരുതര വീഴ്ചയാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. എത്രയും വേഗം രജിസ്റ്ററുകൾ കണ്ടെത്തേണ്ടതാണ്. ആയതിനാൽ വായ്പ നൽകിയതിന്റെയും തിരിച്ചടച്ചതിന്റെയും വ്യക്തമായ കണക്കുകൾ എത്രയും വേഗം തയ്യാറാക്കി പഞ്ചായത്തിൽ സൂക്ഷിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## **3-11** വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രൊജക്ട് നമ്പർ 61/17

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഡയറി എക്സ്റ്റെൻഷൻ ഓഫീസർ

'പാലിന് സബ്സിഡി' എന്ന പദ്ധതി പ്രകാരം 28/02/17 തീയതിയിൽ അടാട്ട്, അവണൂർ, കോലഴി, മുളങ്കുന്നത്തുകാവ്, തോളൂർ, കൈപ്പറമ്പ് എന്നീ പഞ്ചായത്തുകൾക്ക് ഒരു ലക്ഷം രൂപ വീതം ആകെ ആറ് ലക്ഷം രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഈ പണം പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കുന്നതിനായി വിനിയോഗ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചതായി കണ്ടില്ല. ഇതിനെക്കുറിച്ച് ഓഡിറ്റ് എൻക്വയറി 1 മുഖേന അന്വേഷിച്ചെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവഴിച്ച തുകയായ 6,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## **4-1** സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ചതുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2016-17 | 4335316 | PMAY | - | 2635489 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 5994100 | PMAY | - | 3689685 |

വാർഷിക കണക്ക് പ്രകാരം PMAY പദ്ധതിക്കായി തൻവർഷം ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകകളുടെയും നീക്കിയിരിപ്പ് തുകകളുടെയും വിവരമാണ് മേൽ കൊടുത്തിരിക്കുന്നത്. തുകകളുടെ വർഷം തിരിച്ചുള്ള വരവ് ചെലവ് കണക്കുകൾ ലഭ്യമല്ല.

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജലവകുപ്പ് | അടാട്ട് പഞ്ചായത്തിലെ മിച്ചഭൂമി കോളനികുടിവെള്ള പദ്ധതി | 947116/ 4.1.2017 | 700000 | 530723 | 169277 (17-18ൽ സർക്കാരിലേക്ക് തിരിച്ചടച്ചു) |
| | തോളൂർ പഞ്ചായത്തിലെ പഴമുക്ക്കുടിവെള്ള പദ്ധതി | 947012/ 1.12.2016 | 500000 | 410939 | 89061(16-17ൽ സർക്കാരിലേക്ക് തിരിച്ചടച്ചു) |
| | കൈപ്പറമ്പ് പഞ്ചായത്തിലെ കൊള്ളന്നൂർ കുടിവെള്ള പദ്ധതി | 947017/ 1.12.16 | 1000000 | 1000000 | ഇല്ല |
| | അവണൂർ പഞ്ചായത്തിലെ തങ്ങാലൂർമിച്ചഭൂമി കോളനികുടിവെള്ള പദ്ധതി | Transfer to TSB A/c 10.2.17 | 400000 | 386778 | 13222( സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല) |
| KWA | തോളൂർ സ്റ്റെപ്പ് പാലം | ഡിഡി 9446990/26.11.16 | 134894 | 134894 | |
| | കോളമ്പ്രത്ത് കുടിവെള്ളപദ്ധതി | 9440989/28.11.16 | 24475 | 24475 | |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ വരവില്ല

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | ബാങ്ക് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | അധിക പലിശ | |
| ഐ.എ.വൈ അധിക ധനസഹായം (2012-13) | 1)സ.ഉ(എം.എസ്) 90/13 ത.സ്വ.ഭ.വ തീ. 14.3.13<br>2) സഹകരണ സംഘം രജിസ്ട്രാറുടെ 22.3.13 ലെ 18/13-ാം നമ്പർ സർക്കുലർ<br>3)സ.ഉ(എം.എസ്) 162/13ത.സ്വ.ഭ.വ തീ. 26.4.13 | അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് | 1000000 | 5753358 (മുതൽ)<br>72988 (അധിക പലിശ)<br>1655777 (പലിശ) | 4051284 | 72988 (അധിക പലിശ)<br>1655777 (പലിശ) | *1702074+ പലിശ |
| | | മുണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് | 1000000 | | | | |
| | | വരടിയം സർവ്വീസ് സഹകരണ ബാങ്ക് | 1000000 | | | | |
| | | തിരൂർ സർവ്വീസ് സഹകരണ ബാങ്ക് | 953358 | | | | |
| | | കോലഴി സർവ്വീസ് സഹകരണ ബാങ്ക് | 800000 | | | | |
| | | പറപ്പൂർ സർവ്വീസ് സഹകരണ ബാങ്ക് | 1000000 | | | | |

* ലോൺ രജിസ്റ്റർ കൃത്യമല്ല. ബാലൻസ് ഷീറ്റ് പ്രകാരം തിരിച്ചടയ്ക്കാൻബാക്കിയുള്ള തുക =1710987/-

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ വാർഷിക കണക്ക് പ്രകാരം വരവില്ല.

## 4-7. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 40216868 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51435627 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4342126 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 49550 | സി.എ മുരളീധരൻ,സെക്രട്ടറി |
| 3-2 | 3500 | സി.എ മുരളീധരൻ,സെക്രട്ടറി |
| 3-5 | 3512400 | സി.എ മുരളീധരൻ,സെക്രട്ടറി |
| 3-9 | 176676 | ഡോ. ജോബ് സി.ഒ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, തോളൂർ |
| 3-11 | 600000 | ഗിരിജ എസ്.കെ, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |
| ആകെ | 43,42,126 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-8. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും |
|---|---|

| | പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 95-96,96-97, 97-98 | എൽ.എഫ്.ടി21-368/00/16.6.00/7.8.00 |
| 98-99(ചെലവ്) | എൽ.എഫ്.ടി21-77/08/10.5.10 |
| 99-00(ചെലവ്) | എൽ.എഫ്.ടി21-78/08/10.5.10 |
| 2000-01(ചെലവ്) | എൽ.എഫ്.ടി21-78/08/10.5.10 |
| 1998-99 വരവ് | എൽ.എഫ്.ടി(ബിപി)414/11/2.6.11 |
| 1999-2000 വരവ് | എൽ.എഫ്.ടി(ബിപി)515/11/3.6.11 |
| 2000-01 വരവ് | എൽ.എഫ്.ടി(ബിപി)516/11/3.6.11 |
| 2001-02 | എൽ.എഫ്.ടി 21-880/09/14.7.11 |
| 02-03 | എൽ.എഫ്.ടി21-881/09/14.7.11 |
| 03-04 | എൽ.എഫ്.ടി21-882/09/14.10.11 |
| 04-05 | എൽ.എഫ്.ടി21-1142/10/14.12.11 |
| 05-06 | എൽ.എഫ്.ടി21-1143/10/14.12.11 |
| 06-07 | എൽ.എഫ്.ടി21-1144/110/14.12.11 |
| 07-08 മുതൽ 2010-11 വരെ | എൽ.എഫ്.ടി(ബി.പി)-1420/2012/6.2.12/ 14.3.12 |
| 11-12 | എൽ.എഫ്.ടി.(ബി.പി)1656/13/10.3.14 |
| 12-13 | എൽ.എഫ്.ടി.(ബി.പി)1024/14/8.10.14/ 12.11.14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി) 375/15/5.8.15/3.9.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)704/16 തീ. 21.5.16/16.8.16 |
| 15-16 | കെഎസ്എ.ടി.എസ്.ആർ.(ബിപി1)351/17/ 24.3.17 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ